ഉത്തരം

ഉണ്ട്. ശ്രീമതി ഉഷാ അഗർവാൾ സമർപ്പിച്ച പരാതിയിൻമേൽ സാമ്പിളുകൾ പരിശോധിക്കുമ്പോൾ മാനേജർ ക്വാളിറ്റി കൺട്രോൾ നേതൃത്വം നൽകുന്ന ചുരുങ്ങിയത് അഞ്ചു പേരെങ്കിലും ഉൾപ്പെട്ട ഒരു ക്വാളിറ്റി കൺട്രോളർ മാരുടെ കമ്മിറ്റിയുടെ തീരുമാനമാണ് അന്തിമം എന്ന് വിധിയുണ്ടായി. സാമ്പിളുകൾ ടെണ്ടറിനോടൊപ്പം ഉള്ളപ്പോഴെല്ലാം പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാമ്പിൾ പരിശോധന

70 [2687] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ ഗുണ നിലവാരത്തെ സംബന്ധിച്ചും ടെണ്ടറിൽ സമർപ്പിക്കുന്ന സാമ്പിളുകൾ പരിശോധി ക്കേണ്ട രീതികളെക്കുറിച്ചും 2003-ജൂൺ 2-ന് കേരള ഹൈക്കോടതി ഒ. പി. നമ്പർ 14879/03-നുള്ള വിധിന്യായത്തിൽ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത ഉത്തരവിൽ അഞ്ചുപേരടങ്ങുന്ന വിദഗ്ധ കമ്മിറ്റി രൂപീകരി ക്കണമെന്നും മാനേജർ, ക്വാളിറ്റി കൺട്രോളറുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലു മായിരിക്കണം സാമ്പിൾ പരിശോധന കമ്മിറ്റി രൂപീകരിക്കേണ്ടതെന്നും ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഇപ്പോൾ ഹൈക്കോടതിയുടെ ഉത്തരവിന് കോർപ്പറേഷൻ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ;

(ഡി) സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ വേണ്ടി സാമ്പിളുകൾ ടെണ്ടറിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്ന ടെണ്ടർ നിബന്ധനയിലെ 6-ാം വകുപ്പ് 22-1-2005-ലെ ടെണ്ടർ നിബന്ധനകളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) 2005 ജനുവരി, ഫെബ്രുവരി മാസത്തെ ടെണ്ടറുകളിൽ ഗുണനിലവാരം ഉറപ്പുവരുത്താൻ വേണ്ടി നടത്താറുള്ള സാമ്പിൾ പരിശോധന നടത്തിയിട്ടുണ്ടോ;

(എഫ്) 2001 ജനുവരി മാസം മുതൽ 2004 നവംബർ മാസം വരെയുള്ള കാലയളവിൽ ടെണ്ടറിനോടൊപ്പം സാമ്പിൾ പരിശോധന നടത്തിയിട്ടുണ്ടോ;

(ജി) സാമ്പിൾ പരിശോധന ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിനുമുൻപ് കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെയോ ഗവൺമെന്റിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരുന്നോ, എങ്കിൽ ആരുടേത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഗുണനിലവാരം പരിശോധനയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര സ്ഥിരം ഉദ്യോഗസ്ഥർ ഉണ്ട് എന്നും അവരുടെ യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഐ) പ്രസ്തുത ഉദ്യോഗസ്ഥർക്ക് കോർപ്പറേഷനിൽ എത്ര കൊല്ലത്തെ എക്സ്പീരിയൻസ് ഉണ്ട് എന്ന് പറയുമോ;

(ജെ) രണ്ടു വർഷം തികയാത്ത പ്രൊബേഷൻ പീരിയഡിൽ ഉള്ള ജൂനിയർ ക്വാളിറ്റി കൺട്രോളേഴ്സിന് കോർപ്പറേഷൻ ഡിപ്പോകളുടെ ഗുണനിലവാര പരിശോധനയുടെ ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ;

(കെ) ഇവർക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ടെണ്ടറിനോടൊപ്പം സാമ്പിളുകൾ സമർപ്പിക്കുകയാണെങ്കിൽ അതിന്റെ പരിശോധന, മാനേജർ (ക്വാളിറ്റി കൺട്രോൾ) നേതൃത്വം നൽകുന്ന ചുരുങ്ങിയത് അഞ്ച് ഗുണമേൻമ പരിശോധകരും മറ്റുള്ളവരും അടങ്ങുന്ന ഒരു സമിതിയുടെ തീരുമാനം ആയിരിക്കും അന്തിമം എന്നും അതുവരെ നിലവിലുണ്ടായിരുന്ന അഞ്ചംഗ ലേഡീസ് കമ്മിറ്റി, പർച്ചേസ് കമ്മിറ്റി എന്നിവയുടെ തീരുമാനത്തിന് പ്രസക്തി ഇല്ലെന്നും നിർദ്ദേശിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) ഹൈക്കോടതിയുടെ ഉത്തരവിന് കോർപ്പറേഷൻ മാറ്റം ഒന്നും വരുത്തിയിട്ടില്ല.

(ഡി) നീക്കം ചെയ്തിട്ടുണ്ട്. ടെണ്ടറിനോടൊപ്പം നൽകുന്ന സാമ്പിളുകൾക്കും ഡിപ്പോകളിൽ നൽകുന്ന ലോഡുകൾക്കും യാതൊരു ബന്ധവുമില്ല എന്ന് മനസ്സിലാക്കിയതിനാലും ഗുണമേൻമ പരിശോധക സമിതി സാമ്പിൾ പരിശോധനയിൽ യഥാർത്ഥ/പുതിയ ഉത്പാദകരുടെ സാമ്പിളുകൾ മനഃപൂർവം നിരസിച്ച് ചില തൽപ്പര കക്ഷികൾക്കു മാത്രം ടെണ്ടറിൽ വിജയിക്കുവാൻ ഉള്ള ഒരു ഉപാധിയാക്കി മാറ്റിയതി നാലും ടെണ്ടറിനോടൊപ്പം സാമ്പിൾ നിഷ്കർഷിക്കേണ്ടതില്ല എന്നു തീരുമാനിച്ചു. ടെണ്ടർ ഫോമിൽ കോർപ്പറേഷൻ വാങ്ങുന്ന ഓരോ സാധനങ്ങളുടെയും ഗുണമേന്മ അളവുകൾ നിഷ്കർഷിക്കുന്നതിനാലും സാധനങ്ങൾ ഡിപ്പോകളിൽ എത്തുമ്പോൾ സാധനങ്ങൾ ഗുണമേൻമ പരിശോധന നടത്തുന്നതിനാലും ടെണ്ടറിനോടൊപ്പം സാമ്പിളുകൾ നൽകേണ്ടതില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒരു കിലോ സാമ്പിൾ പരിശോധനയിൽ കൂടി ലോഡ്ഡു കണക്കിനു വരുന്ന ഭക്ഷ്യ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നു കണ്ടതിനാൽ ജനുവരിയിൽ ടെണ്ടറിനോടൊപ്പം സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം നിഷ്കർഷിക്കുകയാണ് ചെയ്തത്. കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങൾക്കു വേണ്ട ഗുണനിലവാര മേൻമകൾ ടെണ്ടർ ഫോമിൽ നിഷ്കർഷിക്കുന്നതിനാലും സാധനങ്ങൾ ഡിപ്പോകളിൽ എത്തുമ്പോൾ ഒരു മൂന്നംഗ ഡിപ്പോ കമ്മിറ്റി പരിശോധിച്ചിട്ടാണ് സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതിനാലും ഗുണനിലവാര പരിശോധന കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങൾക്ക് നടത്തിയിട്ടുണ്ട്. മറ്റു സാമ്പിൾ പരിശോധന നടത്തിയിട്ടില്ല.

(എഫ്) ഒരു കിലോ സാമ്പിൾ പരിശോധന നടത്തിയിട്ടുണ്ട്.

(ജി) ഡയറക്ടർ ബോർഡിന്റെ അനുമതി വാങ്ങിയിട്ടുണ്ട്.

(എച്ച്) 14 സ്ഥിരം ഉദ്യോഗസ്ഥർ ഉണ്ട്. ഇവരിൽ ശാസ്ത്ര വിഷയങ്ങളിലും അഗ്രിക്കൾച്ചറിലും ഉള്ള ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും ഉണ്ട്.

(ഐ) ഒന്നര വർഷം മുതൽ പതിനൊന്ന് വർഷം വരെ എക്സ്പീരിയൻസ് ഉള്ളവരുണ്ട്.

(ജെ) ഉണ്ട്. 2004 ജൂൺ മുതൽ.

(കെ) ഉണ്ട്. കോർപ്പറേഷനിലെ ക്വാളിറ്റി കൺട്രോളേഴ്സിനെതിരെ പരാതികൾ ലഭിച്ചിരുന്നു. സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

പേര്	നൽകിയ മെമ്മോകളുടെ എണ്ണം	ശിക്ഷാ നടപടികൾ സ്വീകരിച്ചതിന്റെ എണ്ണം
(1)	(2)	(3)
ശ്രീമതി സെറീന ജേക്കബ്	4	ഒരു പ്രാവശ്യം ഇൻക്രിമെന്റ് തടഞ്ഞു വെച്ചിട്ടുണ്ട്. 2 കേസുകൾ നിലവിലുണ്ട്
ശ്രീമതി വിജയലക്ഷ്മി	6	3 സസ്പെൻഷൻ, ഒരു സെൻഷർ (ഇപ്പോൾ സസ്പെൻഷനിലാണ്)
ശ്രീ. വിപുകുമാർ	5	ഒരു സസ്പെൻഷൻ, ഒരു ഇൻക്രിമെന്റ് തടഞ്ഞുവെട്ടിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ശ്രീ. ഡി. പ്രസാദ്	3	3 ചാർജ്ജ് മെമ്മോ, 2 സസ്പെൻഷൻ. (ഇപ്പോൾ സസ്പെൻഷനിലാണ്)
ശ്രീ. സന്തോഷ് നാരായണൻ	ഇല്ല	ഇല്ല.
ശ്രീ. ജേക്കബ് ജോൺ	ഇല്ല	2 സസ്പെൻഷൻ
ശ്രീ. കെ. ശ്രീകുമാർ	ഇല്ല	ഇല്ല
ശ്രീ. എസ്. രവി കുമാർ	2 സസ്പെൻഷൻ	അന്വേഷണം നടത്തിയതിൽ കുറ്റവിമുക്തനാണെന്ന് ബോധ്യപ്പെട്ട് ശിക്ഷണ നടപടികൾ കൂടാതെ നിരുപാധികം തിരിച്ചെടുത്തിട്ടുണ്ട്
ശ്രീമതി ലിഷാ ബിന്റാ	1	താക്കീത് നൽകിയിട്ടുണ്ട്
ശ്രീമതി മായാ ഗോപിനാഥ്	1	താക്കീത് നൽകിയിട്ടുണ്ട്
ശ്രീമതി ഷീനാ സെബാസ്റ്റ്യൻ	ഇല്ല	ഇല്ല
ശ്രീമതി സിന്ധു നായർ	1	താക്കീത് നൽകിയിട്ടുണ്ട്
ശ്രീമതി അമ്പിളി	ഇല്ല	ഇല്ല

അസിസ്റ്റന്റ് മാനേജർ-ക്വാളിറ്റി കൺട്രോളർ ആയി നിയമിക്കുന്ന വ്യക്തിക്കെതിരെയുള്ള അച്ചടക്ക നടപടികൾ

71 [2688] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഗുണനിലവാര പരിശോധനയ്ക്കായി എത്ര ജൂനിയർ മാനേജർ-ക്വാളിറ്റി കൺട്രോളർമാർ സ്ഥിരമായി നിയമിക്കപ്പെട്ടിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഇവരിൽ ആരെയെങ്കിലും അസിസ്റ്റന്റ് മാനേജർ-ക്വാളിറ്റി കൺട്രോളർ ആയി നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും നടപടികൾ ഏതുവരെയായി എന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly